പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5798

09.07.2012- ലെ
മറുപടിക്ക്

വാത്സല്യത്തൊട്ടിൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, എം. എ. വാഹീദ്<br>,, കെ. ശിവദാസൻ നായർ<br>,, കെ. അച്ചുതൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വാത്സല്യത്തൊട്ടിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ)കയർഫെഡ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന ഒരു പദ്ധതിയാണ് വാത്സല്യത്തൊട്ടിൽ. കേരളത്തിലെ ഇടത്തരവും അതിനു താഴെത്തട്ടിലുമുള്ള കുടുംബങ്ങളിലെ കുട്ടികളാണ് പ്രധാനമായും അംഗനവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവരുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉച്ചയുറക്കം പ്രാധാന്യമുള്ളതാണ്. ഈ കുട്ടികളുടെ സുഖകരമായ ഉച്ചയുറക്കത്തിന് വേണ്ടി കയർഫെഡ് വികസിപ്പിച്ചെടുത്ത 48x36" സൈസിലുള്ള ഗുണമേന്മയുള്ള മെത്തയും 2 തലയിണകളും ഉള്ളതും 2 കുട്ടികൾക്ക് ഉച്ചയുറക്കത്തിനു തകുന്ന മെത്തകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണ് വാത്സല്യത്തൊട്ടിൽ. ഇതിന്റെ ഉല്പാദന ചെലവ് 850/- രൂപയാണ്. എന്നാൽ കയർഫെഡ് ഇത് അംഗനവാടികൾക്ക് നൽകുന്നത് 600/- രൂപയ്ക്കാണ്. ഈ പദ്ധതിയിലൂടെ അംഗനവാടികളിലെ അടിസ്ഥാനസൗകര്യം |

| | |
|---|---|
| | വർദ്ധിപ്പിക്കുക എന്നതും, കേരളത്തിൽ ഉല്പ്പാദിപ്പിക്കുന്ന ബ്രൗൺ ചകിരിയുടെ ഉപഭോഗം വർദ്ധിപ്പിക്കുക എന്നതുമാണ് വാത്സല്യത്തൊട്ടിൽ പദ്ധതിയിലൂടെ ലക്ഷ്യ മിടുന്നത്. |
| (ബി)ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹായത്തോടെയാണ് കയർഫെഡ് ഈ പദ്ധതി നടപ്പിലാക്കുന്നത്. എം.എൽ.എ. ഫണ്ടും ഇതിനായി ഉപയോഗിക്കുന്നു. |
| (സി)പ്രസ്തുത പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമിട്ടിട്ടുണ്ടോ; | (സി) ഉണ്ട്. കൊല്ലം ജില്ലയിലെ ചവറയിലും, കുലശേഖരമംഗലം പഞ്ചായത്തിലും ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. |
| (ഡി)സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | (ഡി) സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരി ക്കുന്നതിന്റെ ഭാഗമായി കയർഫെഡ് അധികൃതർ സാമൂഹ്യക്ഷേമ വകുപ്പിനേയും കേരളത്തിലെ നിയമസഭാ സാമാജികരേയും, പാർലമെന്റ് അംഗങ്ങളേയും സമീപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ